(സി) സംസ്ഥാനത്തെ ആശുപത്രി ഫാർമസികൾവഴി വിപണനം ചെയ്യുന്നതും മെഡിക്കൽ ഷോപ്പുകൾവഴി വിപണനം ചെയ്യുന്നതുമായ മരുന്നുകൾ സംബന്ധിച്ച താരതമ്യ പഠനം നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആയുഷ് പദ്ധതി**

123(823) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട എത്ര പോരാമിയോ ഡോക്ടർമാർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(ബി) ആയുഷ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഉത്തരം

(എ &ബി) പ്രസ്തുത പേരിൽ ഒരു പദ്ധതി നിലവിലില്ല.

**ശബരിമല മാസ്റ്റർ പ്ലാൻ**

124(824) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ശബരിമലയുടേയും ശബരിമലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടേയും സമഗ്ര വികസനമാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്. പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരണത്തോടെ ശബരിമല പരിപാവനമായ ഒരു കാനന ക്ഷേത്രമായി നിലനിർത്തിക്കൊണ്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള വികസന പദ്ധതികളാണ് ലക്ഷ്യമിടുന്നത്.

(ഡി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വിവിധ ഘട്ടങ്ങളിലായി നാളിതുവരെ 65.32 കോടി രൂപ ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നൽകിയിട്ടുണ്ട്. ഒപ്പം ഓരോ ഘട്ടത്തിലുമുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും കാര്യക്ഷമമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നു.

## ശബരിമല മാസ്റ്റർ പ്ലാൻ

125(825) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ നിർമ്മാണം പൂർത്തിയാക്കിയവ ഏതൊക്കെയെന്നും എത്ര തുക വീതമാണ് ചെലവായത് എന്നും വ്യക്തമാക്കുമോ;

(ബി) സന്നിധാനത്ത് നിർമ്മിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കഴിഞ്ഞ സീസണിൽ പ്രയോജനപ്രദമായില്ലെന്നും, നിർമ്മാണത്തിൽ വന്ന ഗുരുതരമായ വീഴ്ചമൂലം പ്ലാന്റ് അടച്ചിടേണ്ടതാണെന്നുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലിനീകരണ നിയന്ത്രണ ബോർഡ് ഇത് സംബന്ധിച്ച് ആശങ്കകൾ അറിയിച്ചിട്ടുണ്ടോ;

(സി) ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) എന്തൊക്കെ പദ്ധതികളാണ് അടുത്ത സീസണ മുൻപായി പൂർത്തീകരിക്കാനുള്ളത് ; ഇവയ്ക്കായി എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത്; നിർമ്മാണം ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ 2050 വരെയുള്ള വികസന പ്രവർത്തനങ്ങൾ മുൻകൂട്ടിക്കണ്ടുകൊണ്ട് തയ്യാറാക്കിയ പദ്ധതിയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ശബരിമല മാസ്റ്റർ പ്ലാനിന്റെ നടത്തിപ്പിനായി രൂപീകരിച്ച ഉന്നതാധികാര സമിതി ചേർന്നാണ് മാസ്റ്റർ പ്ലാനിന് വിധേയമായി പദ്ധതികൾക്ക് അംഗീകാരം നൽകി വരുന്നത്. നിലവിൽ ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ



LIBRARY ARCHIVES Kerala Legislative Assembly